# Mahatma Gandhi University

Priyadarshini Hills P.O., Kottayam, Kerala, India – 686 560. Tel: 91-481-2731001. Fax: 91-481-2731002. E-mail:vc@mgu.ac.in

www.mgu.ac.in

**DR. BABU SEBASTIAN**

Vice-Chancellor


നം. വി.സി.501/96/2018 13 ആഗസ്റ്റ്, 2018

എല്ലാ കോളേജ് പ്രിൻസിപ്പൽമാർക്കും

വിഷയം: മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുമായി ബന്ധപ്പെട്ട്

കഴിഞ്ഞ ഒന്നു രണ്ടു മാസമായി നമ്മുടെ സംസ്ഥാനം കടുത്ത പ്രളയക്കെടുതിയാണ് അഭിമുഖീകരിക്കുന്നത്. ഇപ്പോഴും പലതരത്തിലുള്ള മഴക്കെടുതികൾ നാം അനുഭവിച്ചുവരികയാണ്. ദുരിതങ്ങളിലും കെടുതികളിലും അകപ്പെട്ട അനേകർക്ക് സഹായമെത്തിക്കേണ്ടത് ഓരോ പൗരൻെറയും ചുമതലയാണ്. അതോടൊപ്പം തന്നെ നമ്മുടെ സംസ്ഥാനത്തിൻെറ പുനർനിർമ്മാണവും നടത്തേണ്ടതുണ്ട്. സന്നദ്ധ പ്രവർത്തകരും ജനപ്രതിനിധികളും രാഷ്ട്രീയ പാർട്ടി പ്രവർത്തകരും ജനങ്ങൾക്ക് ആശ്വാസമെത്തിച്ചു കൊണ്ടിരിക്കുകയാണ്. ഈ കാലത്തെല്ലാം ഉണർന്നു പ്രവർത്തിച്ച് നമുക്കൊപ്പം ഉള്ള കേരള സർക്കാരിനൊപ്പം അദ്ധ്യാപകരും, അനദ്ധ്യാപകരും, വിദ്യാർത്ഥികളും നിൽക്കേണ്ടതുണ്ട്.

നമ്മുടെ സർവകലാശാലയിലെ ഓരോ കലാലയവും അവിടത്തെ വിദ്യാർത്ഥികളും, രക്ഷിതാക്കളും, അധ്യാപകരും, അനധ്യാപകരും അവരവർക്ക് കഴിയുന്ന തുക സമാഹരിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് അയച്ചുകൊടുക്കണമെന്നും ദുരിതബാധിതരെ സഹായിക്കുവാൻ കലാലയങ്ങളിലെ എൻ.എസ്.എസ്. വോളൻറിയർമാരുടെ എല്ലാവിധ സഹായസഹകരണങ്ങൾ ഉണ്ടാകണമെന്നും സർവകലാശാല അഭ്യർത്ഥിക്കുന്നു.

ഇപ്രകാരം സമാഹരിച്ച സംഭാവനകൾ ചെക്ക്/ഡ്രാഫ്റ്റ് മുഖേനയാണെങ്കിൽ അവ ***പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം), ട്രഷറർ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം-1*** എന്ന വിലാസത്തിൽ അയച്ചുകൊടുക്കേണ്ടതാണ്. സംഭാവന ഓൺലൈനായി ട്രാൻസ്ഫർ ചെയ്യുവൻ ഉദ്ദേശിക്കുന്നവർ എസ്.ബി.ഐ.യുടെ തിരുവനന്തപുരം സിറ്റി ബ്രാഞ്ചിലെ ***67319948232*** എന്ന അക്കൗണ്ടിലേയ്ക്ക് ***(IFS Code: SBIN0070028)*** ഓഗസ്റ്റ് 31-ന് മുൻപായി അയയ്ക്കേണ്ടതാണ്. ഇപ്രകാരം അയക്കുന്ന സംഭവനകൾക്ക് ഇൻകം ടാക്സ് വകുപ്പിലെ 80(ജി) വകുപ്പ് പ്രകാരമുള്ള കിഴിവിന് അർഹതയുണ്ടായിരിക്കുന്നതാണ്

വിശ്വസ്തതയോടെ,

**(ബാബു സെബാസ്റ്റ്യൻ)**